(ബി)&(സി)തേയിലക്കൊതുക്, കുമിൾ എന്നിവയുടെ ആക്രമണം കാരണമാണ് ഇതുണ്ടാകുന്നതെന്ന് കണ്ടെത്തുകയും അതു നിയന്ത്രിക്കുന്നതിന് കേരള കാർഷിക സർവ്വകലാശാല നിർദ്ദേശിച്ച തരത്തിൽ സസ്യസംരക്ഷണത്തിനായി മരുന്നു തളിക്കേണ്ടതുണ്ട്. ഒക്ടോബർ-നവംബർ, ഡിസംബർ-ജനുവരി, ജനുവരി-ഫെബ്രുവരി മാസങ്ങളിലാണ് മരുന്നു തളിക്കേണ്ടത്. ഈ മാതിരി സസ്യസംരക്ഷണത്തിന് ഒരു ഹെക്ടറിന് മരുന്നിന്റെ വിലയുടെ 50% എന്ന നിരക്കിൽ പരമാവധി 1225/- രൂപ സബ്സിഡിയായി നൽകുന്നു.

(ഡി&(ഇ) പുതുതായി കശുമാവ് കൃഷിചെയ്യുന്നതിനും പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും ധനസഹായം നല്കുന്നതിനുള്ള പദ്ധതികൾക്ക് അന്തിമരൂപം നൽകി വരുന്നു.

113 (3438) റവന്യൂ ഡിപ്പാർട്ടുമെന്റിൽ നിന്നും കാർഷിക കോളേജിന് കൈമാറിയ ഭൂമി

ശ്രീ. സത്യൻമൊകേരി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം താലൂക്കിൽ വെങ്ങാനൂർ വില്ലേജിൽ സർവ്വേ 236/1-ൽ പെട്ട കായൽ പുറമ്പോക്ക് ഭൂമി റവന്യൂ ഡിപ്പാർട്ടുമെന്റിൽനിന്നും കാർഷിക കോളേജിനു കൈമാറി കിട്ടിയതെന്നാണ്;

(ബി) റവന്യൂ റിക്കാർഡുപ്രകാരം എത്ര ഭൂമിയാണ് കോളേജിനു കൈമാറി കിട്ടിയത്; അതിൽ കോളേജിന് കൈവശം ലഭിച്ച ഭൂമി എത്ര?

ഉത്തരം

(എ) 26-9-1955-ലാണ് റവന്യൂ ഡിപ്പാർട്ടുമെന്റിൽ നിന്നു കൃഷി വകുപ്പിന് കൈമാറിയത്.

(ബി) 38 ഏക്കർ 87 സെന്റ് ഭൂമിയാണ് കോളേജിനു കൈമാറിയത്. അത്രയും ഭൂമി കോളേജിന്റെ കൈവശത്തിലുമാണ്.

114 (3439) കാർഷിക സർവകലാശാലയിൽ ആരംഭിക്കുന്ന കോളേജുകൾ

ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. ജോസ് ബേബി :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. കെ. പ്രകാശ് ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാല പുതിയതായി കോളേജുകൾ ആരംഭിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കോളേജുകളാണ് ആരംഭിക്കുന്നത്;

(ബി) വയനാട് വെറ്ററിനറി കോളേജും ഇടുക്കി ജില്ലയിൽ ഡയറി കോളേജും ഈ അദ്ധ്യയന വർഷം ആരംഭിക്കുമോ; ഇതിനാവശ്യമായ സ്ഥലം സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly